## പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : പി.കെ.കേശവൻ, ഐ.എഫ്.എസ്.

വിഷയം: വനം-വന്യജീവി വകുപ്പ് - ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമവും പീഡനവും - പരാതി പരിഹാര കമ്മിറ്റി - ഭേദഗതി വരുത്തി പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന: 1. 31.07.2018-ലെ ഇതേ നമ്പർ ഉത്തരവ്.

2. സർക്കാരിന്റെ 01.11.2010-ലെ 14505/ഡി3/2009/വനം നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ഇ6-28827/2004 തീയതി: 11-06-2020**

ജോലി സ്ഥലങ്ങളിൽ സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമവും പീഢനങ്ങളും സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിനായി എല്ലാ സർക്കാർ വകുപ്പുകളിലും കമ്മിറ്റി രൂപീകരിക്കണമെന്ന ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശത്തിന്റെയും കേരള നിയമസഭയുടെ സ്ത്രീകളുടേയും കുട്ടികളുടെയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ വനം വകുപ്പാസ്ഥാനത്ത് സൂചന-1 പ്രകാരം പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റയിലെ അദ്ധ്യക്ഷ ശ്രീമതി.എൻ.മായ, ഐ.എഫ്.എസ്, മെമ്പർമാരായ ശ്രീമതി.സൂസൻഗോപി, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ശ്രീ.കെ.എൻ.ശ്യാംമോഹൻലാൽ, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ എന്നിവർ വനം വകുപ്പ് ആസ്ഥാന ഓഫീസിൽ നിന്നും സ്ഥലംമാറി പോയതിനാൽ പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി ടി കമ്മിറ്റി പുനഃസംഘടിപ്പിക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സായ പി.കെ.കേശവൻ, ഐ.എഫ്.എസ് എന്ന ഞാൻ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി പുനഃസംഘടിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1. | ശ്രീമതി.ഖ്യാതിമാത്തൂർ, ഐ.എഫ്.എസ്. ഫോറസ്റ്റ് കൺസർവേറ്റർ, (എച്ച്.ആർ.ഡി) | അദ്ധ്യക്ഷ |
| 2. | ശ്രീമതി.ശ്രീകല.എം.ബി. സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | കൺവീനർ |
| 3. | ശ്രീ.എസ്.ആർ.രാധാകൃഷ്ണൻ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ | മെമ്പർ |
| 4. | ശ്രീമതി.സുഭദ്രാമ്മ, റിട്ടേയേർഡ് അണ്ടർ സെക്രട്ടറി, ഗവൺ. സെക്രട്ടേറിയറ്റ് | മെമ്പർ |
| 5. | ശ്രീമതി.ലീന നടേഷ്, ജൂനിയർ സൂപ്രണ്ട് | മെമ്പർ |
| 6. | ശ്രീമതി.സ്മിത ജോൺസൺ, ക്ലാർക്ക് | മെമ്പർ |
| 7. | ശ്രീമതി.പിങ്കി.എസ്.കുമാർ, സീനിയർ ക്ലാർക്ക് | മെമ്പർ |
| 8. | ശ്രീമതി.നീനു രാജൻ, ഓഫീസ് അറ്റൻഡന്റ് | മെമ്പർ |
| 9. | ശ്രീമതി.നിഷ.പി.എസ്., കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | മെമ്പർ |

സർക്കാർ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്ന ഈ കമ്മിറ്റിയ്ക്ക് കേരള വനം വകുപ്പിൽ ജോലി സ്ഥലത്ത് അതിക്രമമോ പീഡനങ്ങളോ നേരിടുന്ന വനിതകളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ സ്വാതന്ത്ര്യമായി അന്വേഷണങ്ങൾ നടത്തുന്നതിനും, തീരുമാനങ്ങൾ എടുക്കുന്നതിനും, വകുപ്പ് മേധാവികൾക്ക് ടി വിഷയത്തിൽ ആവശ്യം വേണ്ടുന്ന ശുപാർശ സമർപ്പിക്കുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

പി.കെ.കേശവൻ, ഐ.എഫ്.എസ്
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്കൺസർവേറ്റർ &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

To

1. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും / അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
2. എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
3. എല്ലാ ബ്രാഞ്ച് ഓഫീസർമാർക്കും/ T.T.Dept. for publication.
4. കമ്മിറ്റി അംഗങ്ങൾക്ക് / S.J.Dept. with C/L
5. സ്റ്റോക്ക് ഫയൽ.